Kudumbashree
State Poverty Eradication Mission
Local Self Govt. Department, Govt. of Kerala

നം.3266/കെ/2018/കെഎസ്എച്ച്ഒ 28..03.2018

# പരിപത്രം

**വിഷയം:** കുടുംബശ്രീ – 2018-19- സാമ്പത്തിക വർഷത്തിലെ ബാലസഭ വാർഷിക പ്രവർത്തന കലണ്ടർ- സംബന്ധിച്ച്

2018-19 സാമ്പത്തിക വർഷത്തെ ബാലസഭ പ്രവർത്തനങ്ങളുടെ ഭാഗമായി ജില്ലകളിൽ നടപ്പിലാക്കേണ്ട പ്രവർത്തനങ്ങളുടെ വാർഷിക പ്രവർത്തന കലണ്ടർ ചുവടെ ചേർക്കുന്നു. കലണ്ടർ പ്രകാരമുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് വേണ്ട നടപടികൾ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാർ സ്വീകരിക്കേണ്ടതാണ്.

**പ്രവർത്തന കലണ്ടർ**

| തീയതി | പ്രവർത്തനം |
|---|---|
| 2018 ഏപ്രിൽ 4, 5 | പ്രതിദിനം പ്രതിരോധം – ജാഗ്രതോത്സവം സംസ്ഥാനതല ആർ പി മാർക്കുള്ള പരിശീലനം |
| 2018 ഏപ്രിൽ 9, 10 | പ്രതിദിനം പ്രതിരോധം – ജാഗ്രതോത്സവം ജില്ലാതല പരിശീലനം |
| 2018 ഏപ്രിൽ 10 | ആർട്സ്/സ്പോർട്ട്സ് ക്യാമ്പ് ആസൂത്രണം ചെയ്യൽ – ജില്ലകളിൽ |
| 2018 ഏപ്രിൽ 11, 12/12, 13 | പ്രതിദിനം പ്രതിരോധം – ജാഗ്രതോത്സവം ബ്ലോക്ക് തല പരിശീലനം |
| 2018 ഏപ്രിൽ 15 | വാർഡ് തലത്തിൽ 2 ആർപിയെയും (എഡിഎസ്സിനെ ഉൾപ്പെടുത്താവുന്നതാണ്), സിഡിഎസ് തലത്തിൽ ഒരു ആർപിയെയും ബ്ലോക്ക് തലത്തിൽ 3 ആർപിയെയും ജില്ലാതലത്തിൽ 5 ആർപിമാരെ കണ്ടെത്തി അവരുടെ ലിസ്റ്റ് തയ്യാറാക്കി അവരുടെ പരിശീലനം പൂർത്തീകരിക്കണം. ആർ.പിമാരുടെ പേര്, ഫോൺ നമ്പർ, ഇ-മെയിൽ ഐഡി എന്നിവയുടെ ലിസ്റ്റ് സൈറ്റിൽ നൽകണം. |
| 2018 ഏപ്രിൽ 15 | ആർട്സ്/സ്പോർട്ട്സ് ക്യാമ്പ് ഗുണഭോക്തകളെ തെരഞ്ഞെടുക്കൽ |
| 2018 ഏപ്രിൽ 16, 17 | പ്രതിദിനം പ്രതിരോധം – ജാഗ്രതോത്സവം ഗ്രാമ പഞ്ചായത്ത്/ നഗരസഭ തല പരിശീലനം |
| 2018 ഏപ്രിൽ 30 | പ്രതിദിനം പ്രതിരോധം – ജാഗ്രതോത്സവം എല്ലാ വാർഡിലും പ്രാവർത്തികമാക്കുന്നു. |
| 2018 ഏപ്രിൽ 28 | ആർട്സ്/സ്പോർട്ട്സ് ക്യാമ്പ് സംഘടിപ്പിക്കൽ |
| 2018 ഏപ്രിൽ 30 | സിഡിഎസ് തലത്തിൽ ബാലപാർലമെന്റ് |
| 2018 മേയ് 15 | **ബാലസഭ അടിസ്ഥാന വിവരശേഖരണം:-** നിലവിലുള്ള ബാലസഭ അംഗങ്ങളും, പുതിയതായി രൂപീകരിച്ച ബാലസഭയും ബാലസഭ രജിസ്ട്രേഷൻ ഫാറം പൂരിപ്പിച്ച് സിഡിഎസിന് നൽകുകയും ബാലസഭ രജിസ്ട്രേഷൻ ഫാറത്തിലൂടെ ലഭിച്ച വിവരങ്ങൾ ബാലസഭ സിഡിഎസ് ക്രോഡീകരണ ഫാറത്തിൽ രേഖപ്പെടുത്തുകയും അത് ജില്ലാമിഷന് ലഭ്യമാക്കുകയും വേണം. ജില്ലാമിഷന് ലഭിച്ച വിവരം ബാലസഭ ജില്ലാ ക്രോഡീകരണ ഫാറത്തിൽ രേഖപ്പെടുത്തുകയും ടി വിവരം സംസ്ഥാന മിഷനിൽ ലഭ്യമാക്കേണ്ടതുമാണ്. |
| 2018 മേയ് 15 | ജില്ലാതല ബാല പാർലമന്റ് |
| 2018 മേയ് 28 | സംസ്ഥാനതല ബാല പാർലമന്റ് സംഘടിപ്പിക്കൽ |
| 2018 മേയ് 30 | എഡിഎസ് തലത്തിൽ ബാലകൃഷിക്കുള്ള ഗുണഭോക്താവിനെ തെരഞ്ഞെടുക്കൽ |
| 2018 ജൂൺ 15 | കൃഷിയുടെ പരിശീലനവും നടപ്പാക്കലും |
| 2018 ജൂലൈ 30 | മൃഗസംരക്ഷണ പദ്ധതിയുടെ ഗുണഭോക്താവിനെ തെരഞ്ഞെടുപ്പും പരിശീലനവും |

TRIDA Building, Medical College PO, Thiruvananthapuram 695011
Tel. (0471) 255 4714, 255 4715 Fax. (0471) 255 4717
info@kudumbashree.org www.kudumbashree.org

| | |
|---|---|
| 2018 ആഗസ്റ്റ് 30 | മൃഗസംരക്ഷണ പദ്ധതി നടപ്പിലാക്കൽ |
| 2018 സെപ്റ്റംബർ 30 | ബാല ലൈബ്രറിക്കുള്ള സ്ഥലം കണ്ടെത്തൽ |
| 2018 ഒക്ടോബർ 30 | മൃഗ സംരക്ഷണ പദ്ധതി- വാക്സിനേഷൻ നൽകൽ |
| 2018 ഒക്ടോബർ 30 | ലൈഫ് സ്കിൽ ഡവലപ്മെന്റ് പരിശീലനം സിഡിഎസ് തലത്തിൽ |
| 2018 ഡിസംബർ 15 | ആർട്ട്സ്/സ്പോർട്സ് ക്യാമ്പ് തുടർ പ്രവർത്തനം |
| 2018 ഡിസംബർ 30 | കരിയർ ഗൈഡൻസ് പരിശീലനം സിഡിഎസ് തലത്തിൽ |
| 2019 ജനുവരി 30 | ബാല ലൈബ്രറികളുടെ രൂപീകരണം |

ബാലസഭയുടെ നേതൃത്വത്തിൽ നടത്തുന്ന ക്യാമ്പെയിൻ പരിശീലനങ്ങൾ എന്നിവയ്ക്കുള്ള വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ ജില്ലാ മിഷനിലേയ്ക്ക് യഥാസമയം നൽകുന്നതായിരിക്കും. കുടുംബശ്രീ പദ്ധതി വിഹിതത്തിലെ സാമൂഹ്യ വികസന ശീർഷകത്തിൽ നിന്നും ഇതിനാവശ്യമായ തുക വകയിരുത്താവുന്നതാണ്.

ഡയറക്ടർ (എ&എഫ്)
കുടുംബശ്രീ

1. എല്ലാ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാർക്കും
2. എല്ലാ സോഷ്യൽ ഡവലപ്മെന്റ് പ്രോഗ്രാം മാനേജർമാർക്ക്(ജില്ലാ മിഷൻ മുഖേന)

പകർപ്പ്

കരുതൽ/അധികം